കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് - 2007-2008 - 2008-2009 – ബഡ്ജറ്റ് മീറ്റിംഗിന് ഉപഹാരങ്ങൾ നൽകിയ തുക - ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സം - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 3567/12/തസ്വഭവ തിരുവനന്തപുരം, തീയതി:22.12.2012

---

പരാമർശം: 1. അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 25.8.11, 28.12.11, 10.2.12 എന്നീ തീയതികളിലെ സി/532/എച്ച്.സി/എ.റ്റി.ആർ നമ്പർ കത്തുകൾ.

2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 8.11.12-ലെ എൽ.എഫ്.5148/പി.റ്റി1/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2007-2008, 2008-09 എന്നീ രണ്ടു സാമ്പത്തിക വർഷങ്ങളിലേയും ബഡ്ജറ്റ് കമ്മിറ്റിയിൽ പങ്കെടുത്ത ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് ഉപഹാരം നൽകുവാൻ യഥാക്രമം 8900 രൂപയും 7830 രൂപയും (ആകെ 16730 രൂപ) ചെലവഴിച്ചത് ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സപ്പെടുത്തുകയും സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങാനുള്ള ആഡിറ്റ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സാധൂകരണത്തിനായി സൂചന 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സൂചന 2-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻകൂർ അനുമതിയില്ലാതെ ഇത്തരം ചെലവുകൾ ചെയ്യരുതെന്ന കർശന നിർദ്ദേശത്തോടെ 2007-2008, 2008-09 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് കമ്മിറ്റിയിൽ പങ്കെടുത്ത ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, വിവിധ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് ഉപഹാരം നൽകുവാനായി യഥാക്രമം 8900 രൂപ 7830 രൂപ എന്നിങ്ങനെ ചെലഴിച്ച അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.രാജൻ ഖോബ്രാഗഡേ,
സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ),കേരളം, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, അതിയന്നൂർ.
സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, അതിയന്നൂർ.
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.